# കേരള സർവ്വകലാശാല

**അസിസ്റ്റൻറ് എൻജിനീയറുടെ കാര്യാലയം, ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ,**
**തിരുവനന്തപുരം, ഫോൺ-0471-2386277**

---

## വിൽപന പരസ്യം

കേരളാ സർവകലാശാല പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ ഫിനാൻസ്-പബ്ലിക്കേഷൻ വിഭാഗം കെട്ടിടങ്ങൾക്കു ഇടയിൽ പൊളിഞ്ഞു കിടക്കുന്ന പഴയ ഓടിട്ട കെട്ടിടം പൂർണമായും പൊളിച്ചുമാറ്റി നീക്കം ചെയ്യുന്നതിനു വേണ്ടി ഒരു പരസ്യലേലം/ ക്വട്ടേഷൻ **2017 ജനുവരി 18 ബുധനാഴ്ച രാവിലെ 11 മണിക്ക്** ടി ഓഫീസിൽ വച്ച് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേ ദിവസം പ്രസ്തുത സമയ സമയത്ത് നേരിട്ട് ഹാജരാകേണ്ടതും തിരിച്ചറിയൽ രേഖയുടെ പകർപ്പും നിരതദ്രവ്യമായി **1000 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും ( അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ് ക്വാർട്ടേഴ്സ് സെക്ഷൻ, പാളയം, തിരുവനന്തപുരം** എന്ന വിലാസത്തിൽ എടുത്തത്) ഹാജരാക്കി ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. ക്വട്ടേഷനുകൾ വെള്ള പേപ്പറിൽ തയ്യാറാക്കി ഡിമാൻഡ് ഡ്രാഫ്റ്റും തിരിച്ചറിയൽ രേഖയുടെ പകർപ്പും ഉള്ളടക്കം ചെയ്ത കവർ അന്നേ ദിവസം രാവിലെ **10.30 നു** മുൻപ് ലഭിയ്ക്കത്തക്ക വിധത്തിൽ നേരിട്ടോ, രജിസ്ട്രേഡ് തപാൽ മുഖേനെയോ ലഭ്യമാക്കേണ്ടതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊള്ളുന്നയാൾക്കു/ ക്വട്ടേഷൻ നല്കുന്നയാൾക്കു രജിസ്ട്രാറുടെ അനുമതിയ്ക്കു വിധേയമായി ലേലം സ്ഥിരപ്പെടുത്തി നല്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചു **3** പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ മുഴുവൻ തുകയും യൂണിവേഴ്സിറ്റി ക്യാഷ് കൗണ്ടറിൽ അടയ്ക്കേണ്ടതും 10 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും സർവകലാശാലയുടെ മറ്റു കെട്ടിടങ്ങൾക്കോ വസ്തുവകകൾക്കോ നാശനഷ്ടമുണ്ടാകാത്ത വിധത്തിൽ തറ നിരപ്പ് വരെ പൊളിച്ചു നീക്കം ചെയ്യേണ്ടതുമാണ്. ലേല തുകയോടൊപ്പം നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നതായിരിക്കും. ലേലം സംബന്ധിച്ച വിശദാംശങ്ങൾ പ്രവൃത്തി സമയങ്ങളിൽ ടി ഓഫീസിൽ നിന്നും ലഭിയ്ക്കുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം നിറുത്തി വയ്ക്കുന്നതിനും നിരസിക്കുന്നതിനും മാറ്റിവയ്ക്കുന്നതിനുമുള്ള അധികാരം ടി ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

**അസിസ്റ്റൻറ്എൻജിനീയർ**

തിരുവനന്തപുരം

10.01.2017